ക്രിസ്തുമസ് എന്നീ ഉത്സവകാല ചന്തകൾ വഴി 251.67 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിപണനം നടത്തി ഈ വിപണനത്തിലൂടെ 154.38 കോടി രൂപയുടെ സബ്സിഡി നേട്ടം ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളും എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങുന്ന പദ്ധതിയുടെ ഭാഗമായി ഫെഡറേഷൻ നേരിട്ട് നടത്തുന്ന 100 നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. ഫെഡറേഷന്റെ വ്യാപാരത്തിൽ വളരെയധികം വർദ്ധനവ് ഉണ്ടാക്കാൻ സഹായിക്കുന്ന നീതി സ്റ്റോറുകളുടെ എണ്ണം 5000 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ 10 വൻകിട മില്ലറ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പുരോഗമിച്ചു വരുന്നു. കൂടാതെ കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി എൻ.സി.ഡി.സി. സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 55.65 കോടി രൂപ ചെലവുവരുന്ന "വിഷൻ–2011 ഒന്നാം ഘട്ടം" എന്ന ഹ്രസ്വകാല പദ്ധതി പരിഗണനയിലാണ്.

ത്രിവേണി കോഫീഹൗസുകൾ വ്യാപകമാക്കാൻ നടപടി

22(2274) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിവേണി കോഫിഹൗസുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് ;

(ബി) ത്രിവേണി കോഫീ ഹൗസുകൾ സംസ്ഥാനത്ത് കൂടുതൽ വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ത്രിവേണി കോഫി ഹൗസുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സഹകരണ മെഡിക്കൽ കോളേജ് ക്യാംപസ്, കളമശ്ശേരി, എറണാകുളം
2. ഹെഡാഫീസ് ബിൽഡിംഗ്, ഗാന്ധി നഗർ, എറണാകുളം
3. കൊച്ചിൻ യൂണിവേഴ്സിറ്റി ക്യാംപസ്, കളമശ്ശേരി, എറണാകുളം
4. ത്രിവേണി കോഫി ഹൗസ്, ഇളംപുള്ളൂർ, കുണ്ടറ, കൊല്ലം
5. ത്രിവേണി കോഫി ഹൗസ്, പുന്നപ്ര, ആലപ്പുഴ
6. ത്രിവേണി കോഫി ഹൗസ്, പെരിന്തൽമണ്ണ, മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനസാന്ദ്രത കൂടുതലുള്ളതും, വ്യാപാര സാധ്യതയുള്ളതുമായ നഗര/അർദ്ധ നഗര പ്രദേശങ്ങളിൽ മാത്രമേ മുതൽമുടക്കും ഭൗതിക സൗകര്യങ്ങളും കൂടുതൽ ആവശ്യമായ ത്രിവേണി കോഫി ഹൗസുകൾ വിജയകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയു. വിഷൻ 2011 പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടം എന്ന നിലയിൽ 10 ത്രിവേണി കോഫി ഹൗസുകൾ തുടങ്ങുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാച്ച്യൂ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ, ആലപ്പുഴ ജില്ലയിലെ ചാരുമൂട് കൊല്ലം ജില്ലയിലെ പുനലൂർ എന്നീ സ്ഥലങ്ങളിൽ ഒരു മാസത്തിനകം ത്രിവേണി കോഫീഹൗസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഫെഡറേഷന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് ത്രിവേണി കോഫീഹൗസുകൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ഫെഡറേഷൻ ശ്രമിച്ചു വരുന്നുണ്ട്.

കോമോസ്സിനെ സഹായിക്കുവാൻ സ്വീകരിച്ച നടപടി

23(2275) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ മോട്ടോർ സർവ്വീസ് സഹകരണ സംഘങ്ങളെ സഹായിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന കോമോസ് എന്ന പേരിലുള്ള മോട്ടോർ സഹകരണ സംഘത്തെ സഹായിക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വാർഷിക പദ്ധതി പ്രകാരം സർക്കാർ ഓഹരി മൂലധന സഹായമായി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്ക് 10 ലക്ഷം രൂപാവരെയും, ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹകരണ സംഘങ്ങൾക്ക് 3 ലക്ഷം രൂപാവരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം 2010-11 വർഷത്തിൽ ഇ.958-ാം നമ്പർ കുന്നത്തുനാട് താലൂക്ക് ഓട്ടോറിക്ഷാ തൊഴിലാളി സഹകരണസംഘത്തിന് 1 (ഒരു) ലക്ഷം രൂപയും കൃ 797-ാം നമ്പർ കയിലോൺ ഓട്ടോമൊബൈൽ എംപ്ലോയീസ് സഹകരണ സംഘത്തിന് 7(ഏഴ്) ലക്ഷം രൂപയും എസ്. 55-ാം നമ്പർ കാസർഗോഡ് ജില്ലാ ബസ് ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന് 10 (പത്ത്) ലക്ഷം രൂപയും ഡി.2869-ാം നമ്പർ പേരാമ്പ്ര ഏരിയാ മോട്ടോർ എൻജിനീയറിംഗ് വർക്കേഴ്സ് സഹകരണ സംഘത്തിന് 5 (അഞ്ച്) ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ 2008-09-ൽ പ്രത്യേക ധനസഹായമായി കായംകുളത്തെ 4203-ാം നമ്പർ പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് ഇൻഡസ്ട്രിയിൽ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനായി 3 കോടി രൂപ വായ്പയായും 2009-10 വാർഷിക പദ്ധതിയിലെ പീഡിത സഹകരണ സംഘങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly